# പ്ലാച്ചിമടയും പാർലമെന്ററി രാഷ്ട്രീയവും

ഡോ. ജോർജ് കെ. അലക്സ്

ഒരു പൊതു തെരഞ്ഞെടുപ്പിനെ മുൻനിർത്തിയാണ് നാം പ്ലാച്ചിമടയിലെ ജനകീയ പോരാട്ടത്തിലെ നാലാം വാർഷികം ആഘോഷിച്ചത്. കേരളത്തിൽ മുമ്പൊരിക്കലും ദൃശ്യമായിട്ടില്ലാത്തവിധം പൊതുരാഷ്ട്രീയ മണ്ഡലം തങ്ങളുടെ ഐക്യദാർഢ്യം പ്രകടിപ്പിച്ചുകഴിഞ്ഞ ഒരിടമാണ് പ്ലാച്ചിമട. ജലത്തിന്റെ രാഷ്ട്രീയം പൊതുമണ്ഡലത്തിലെത്തുമ്പോഴും ജനതയുടെ അധികാരം മൂർത്തവത്ക്കരിക്കപ്പെട്ടിട്ടില്ല എന്നതാണ് കഴിഞ്ഞ നാലുവർഷത്തിന്റെ ആകെത്തുക. ജനാധികാരവും ജനാധികാരവും രണ്ടുതട്ടങ്ങളിൽ തുലനം ചെയ്യപ്പെടാതെ നിലകൊള്ളുന്നു. ജലാധികാരത്തെക്കുറിച്ചുള്ള ചർച്ചകളിൽ ആഗോള ദേശീയ രാഷ്ട്രീയ മണ്ഡലം ഏറെക്കുറെ പൂർണ്ണമായും നിമഗ്നമായിരിക്കുന്നു.

ജലത്തിന്റെ ചരക്കുവത്ക്കരണവും സ്വകാര്യവത്ക്കരണവും, കമ്പോളവത്ക്കരണവും ബഹുഭൂരിപക്ഷത്തിൽനിന്നും ജീവന്റെ അടിസ്ഥാന സ്രോതസ്സിനെ അന്യവത്ക്കരിച്ചിരിക്കുന്നു. ജലത്തിനുമേൽ അധികാരം ഉള്ളവരും ഇല്ലാത്തവരും എന്ന നിലയിൽ ജനത വിഭജിതമായിരിക്കുന്നു. ജലദൗർലഭ്യം ഒരു പാരിസ്ഥിതിക പ്രശ്നമെന്നതിലുപരി ഒരു രാഷ്ട്രീയ പ്രശ്നമായാണ് നമ്മുടെ മുന്നിലെത്തുന്നത്.

ജലദൗർലഭ്യം ഇല്ലായ്മ ചെയ്യുന്നതിന് Water For All എന്ന മുദ്രാവാക്യവുമായി പ്രഥമ ജലദശകം (1981-1990) പര്യവസാനിക്കുമ്പോൾ ജല ആസൂത്രണത്തിന്റെ ഒരു പുതിയ കാലഘട്ടം തുറക്കപ്പെടുകയായിരുന്നു. ധനനിക്ഷേപ കേന്ദ്രിതമായ ഒരു ജലവിതരണ സമ്പ്രദായം രൂപപ്പെട്ടു. 1993 ലെ ആസൂത്രണനയരേഖ (The Water Management Policy) കമ്പോള കേന്ദ്രീകൃതമായ ഒരു ജലവീക്ഷണത്തിലേക്ക് നമ്മെ എത്തിച്ചു. വേൾഡ് ബാങ്കിന്റെ മേൽക്കൈയ്യിൽ ആഗോളതലത്തിൽ നടന്ന ജല-ആസൂത്രണ സംരംഭങ്ങൾക്ക് അനുപൂരകമായി ഇന്ത്യയിലെ ആഭ്യന്തര ആസൂത്രണവും തൊണ്ണൂറുകളിൽ രൂപപ്പെടുന്നത് നമുക്ക് കാണാനാകും. ഇന്ത്യയിലെ ജല പ്രതിസന്ധിയെ പരിഗണിച്ച് 2000-ൽ ഇന്ത്യൻ ജലനയം (1987) പരിഷ്കരിച്ച് നക്കൽ പുറത്തിറക്കി. ഇതേ വർഷമാണ് കൊക്കക്കോള കമ്പനിയുടെ ബോട്ടിലിംഗ് പ്ലാന്റ് പ്ലാച്ചിമടയിൽ പ്രവർത്തനം ആരംഭിച്ചത്. ഇതിനുമുമ്പുതന്നെ നദികളുടെയും തടാകങ്ങളുടെയും വില്പന ഇന്ത്യയിൽ നടന്നുകഴിഞ്ഞിരുന്നു.

വേൾഡ് ബാങ്ക് ഉൾപ്പടെയുള്ള അന്താരാഷ്ട്ര സ്ഥാപനങ്ങളുടെ മേൽക്കയ്യിൽ ഹേഗിൽ നടന്ന രണ്ടാമത് ആഗോള ജലസമ്മേളനം (2002) പര്യവസാനിക്കുമ്പോളാണ് പ്ലാച്ചിമടയിലെ ജനകീയ പോരാട്ടത്തിന് തുടക്കം കുറിക്കുന്നത് (2002 ഏപ്രിൽ 22). ഒരു വശത്ത് അന്തർദ്ദേശീയമായ പുതിയ ആസൂത്രണ സംരംഭങ്ങൾ മറുവശത്ത് പ്രാദേശിക തലത്തിൽ ജനജീവിതം ദുസഹമാക്കപ്പെടുന്ന സാഹചര്യങ്ങൾ. പ്ലാച്ചിമട സാധാരണക്കാരുടെ കുടിവെള്ളത്തിന്റെ പ്രശ്നമായി, ഒരു പാരിസ്ഥിതിക പ്രശ്നമായി അവതരിക്കപ്പെടുകയും ക്രമേണ മറ്റൊരു പരിസ്ഥിതി പ്രസ്ഥാനത്തിനും കൈവരിക്കാനാവാത്ത വിധത്തിൽ പൊതു രാഷ്ട്രീയ പ്രസ്ഥാനങ്ങളുടെ വാചിക പിന്തുണ കൈവരിച്ചു എന്നതും പ്രധാനമാണ്. വർഗ്ഗപ്രസ്ഥാനങ്ങളും സ്വത്വപ്രസ്ഥാനങ്ങളും ഒരുപോലെ അതിൽ നിമഗ്നമായി. ഇന്നലെവരെ രാഷ്ട്രീയ പ്രസ്ഥാനങ്ങൾ ഗൗരവമായി ഏറ്റെടുക്കാത്ത ഒരു അജണ്ട, ഒരു രാഷ്ട്രീയ മുദ്രാവാക്യം അവരുടെ പ്രസ്ഥാനങ്ങളിൽ ഉയർന്നുകഴിഞ്ഞു. ആഗോളവത്കരണത്തിന്റെ പടുകാലത്തിൽ ഊർദ്ധൻ വലിച്ചുകൊണ്ടിരുന്ന ട്രേഡ് യൂണിയൻ മൂവ്മെന്റുകൾ ഒരു പുതിയ ദിശാബോധത്തോടെ മുന്നോട്ടുവന്നു. കേരളത്തിന്റെ വ്യാവസായിക ഗ്രാമമായ കഞ്ചിക്കോട്ട് (പാലക്കാട്) ജനാരോഗ്യത്തിനും കുടിവെള്ളത്തിനുമായുള്ള പുതിയ സമരങ്ങൾ ട്രേഡ് യൂണിയൻ മൂവ്മെന്റുകളുടെ നേതൃത്വത്തിൽ രൂപപ്പെട്ടു തുടങ്ങിയിരിക്കുന്നു. കഴിഞ്ഞ നാലു വർഷത്തിനുള്ളിൽ നമ്മുടെ മുഖ്യധാരാ രാഷ്ട്രീയ പാർട്ടികളുടെ അജണ്ടകളിൽ വലിയ മാറ്റം വന്നു കഴിഞ്ഞു എന്നതിന്റെ സൂചനയാണ് ആലപ്പുഴ ജില്ലയിൽ കരിമണൽ മുഖ്യരാഷ്ട്രീയ സംവാദവിഷയമായതിലൂടെ നാം തിരിച്ചറിയുന്നത്. സാമ്പത്തിക-വികസന അജണ്ടയിൽ നിന്നും ഒരു പാരിസ്ഥിതിക അജണ്ടയിലേക്ക് പ്രസ്ഥാനങ്ങൾ മാറിക്കൊണ്ടിരിക്കുന്നു. ഇന്ത്യൻ പാർലമെന്റ് രാഷ്ട്രീയത്തിൽ ഒരു ഹരിതഛവി പടരുന്നത് നാം അറിയുന്നു. നേരിട്ട് പരിതസ്ഥിതിയുടെ പ്രശ്നങ്ങൾ അവതരിപ്പിക്കുന്നില്ലെങ്കിൽ പോലും ഗോപ്യമായി അത് ഇന്ത്യൻ രാഷ്ട്രീയത്തിൽ, പ്രാദേശിക തലത്തിൽ ഉന്നയിക്കപ്പെടുന്നു. ഇത്തരുണത്തിൽ നാം വളരെ ഗൗരവപൂർവ്വം ചോദിക്കേണ്ടിയിരിക്കുന്ന പാരിസ്ഥിതിക പ്രസ്ഥാനങ്ങളുടേതായ ഒരു വലിയ രാഷ്ട്രീയ സഖ്യത്തിന് നാം രൂപം കൊടുക്കേണ്ടതുണ്ടോ?

മഹാരാഷ്ട്ര, ഗുജറാത്ത്, കർണ്ണാടക, തമിഴ്നാട് തുടങ്ങിയ സംസ്ഥാനങ്ങളിൽ നിന്നും, കേരളത്തിൽനിന്നുമുള്ള ചില സാമൂഹിക പ്രവർത്തകർ പരിസ്ഥിതി പ്രസ്ഥാനം പാർലമെന്ററി രാഷ്ട്രീയത്തെ ഉന്നം വയ്ക്കുന്ന ഒരു രാഷ്ട്രീയ മുന്നണിയാവണം എന്ന് നിർദ്ദേശിക്കുന്നു. അധികാരഘടനയുടെ സ്വഭാവത്തെ മാറ്റാം എന്ന് അവർ കരുതുന്നു. നാഷണൽ അലയൻസ് ഓഫ് പീപ്പിൾസ്

മൂവ്മെന്റിന്റെ (NAPM) വേദിയിൽ നിന്നുകൊണ്ട് ഇത്തരം ഒരു രാഷ്ട്രീയ മുന്നേറ്റത്തിന്റെ തട്ടകം ഒരുക്കപ്പെടണമെന്നാണ് അവർ ആഗ്രഹിക്കുന്നത്. ലോകമെമ്പാടും ഹരിത രാഷ്ട്രീയ പ്രസ്ഥാനങ്ങൾ പാർലമെന്ററി രാഷ്ട്രീയമായി ഐക്യപ്പെടുന്ന കാഴ്ചയും നാം കാണുന്നു.

1980-ൽ പെട്രാകെല്ലി ഹരിത പ്രസ്ഥാനങ്ങളുടെ പാർലമെന്ററി പ്രവേശനത്തെക്കുറിച്ച് വിഭാവനം ചെയ്തതിൽ നിന്നും ഭിന്നമായ ഒരു രാഷ്ട്രീയ പരിതസ്ഥിതിയിലാണ് ഇന്ന് നാം എത്തിനിൽക്കുന്നത്. ദേശരാഷ്ട്രങ്ങളുടെ പദവിയും സ്വഭാവവും പ്രവർത്തന മണ്ഡലവും മാറിക്കഴിഞ്ഞിരിക്കുന്നു. എൺപതുകളിൽ കക്ഷിരഹിത കൂട്ടുകെട്ടുകളായി, ഇടതും വലതുമല്ലാത്ത മൂന്നാം മുന്നണികളായി പാർലമെന്ററി രാഷ്ട്രീയത്തിലേക്ക് പ്രവേശിക്കണം എന്നു ശഠിച്ച പ്രസ്ഥാനങ്ങൾ അവയുടെ രാഷ്ട്രീയ അനുഭവത്തിലൂടെ വ്യക്തമാക്കുന്നത് നാം ഉന്നംവക്കുന്ന രാഷ്ട്രീയ ലക്ഷ്യങ്ങളെ പാർലമെന്ററി പ്രവേശനത്തിലൂടെ പൂർണമായും പിന്തുണക്കാനാവുകയില്ല എന്നുതന്നെയാണ്. ഹരിത മുതലാളിത്തത്തിന്റെ വളർച്ചയുടെയും വ്യാപനത്തിന്റെയും ചതിക്കുഴികളിൽ പ്രസ്ഥാനം പെട്ടുപോകുന്ന അനുഭവങ്ങളുണ്ട്. ജർമ്മനിയുടെ അനുഭവങ്ങൾ സസൂക്ഷ്മം നാം നിരീക്ഷിക്കേണ്ടിയിരിക്കുന്നു. യുദ്ധക്കൊതിയന്മാരും വർണവെറിയന്മാരും, കഴുത്തറപ്പന്മാരുമായ ജനവിരുദ്ധ ശക്തികളോടൊത്ത് നമ്മുടെ ലക്ഷ്യം മാനവീകരിച്ച പ്രകൃതിയെന്നതിനർത്ഥം മനുഷ്യന്റെ ആധിപത്യം പ്രകൃതിക്കുമേൽ സാധൂകരിക്കുക എന്നല്ല മറിച്ച് പ്രകൃതിയുടെ ആധിപത്യം മനുഷ്യനുമേൽ സാധൂകരിച്ചുകൊണ്ട് അവന്റെ പരിണാമ പ്രക്രിയയെ തിരിച്ചറിയുക എന്നതാണ്. സാമൂഹിക അസമത്വങ്ങൾ പ്രകൃതിയുടെ ലയത്തിനുമേൽ ഏൽപ്പിക്കുന്ന മുറിവുകളാണെന്ന് തിരിച്ചറിയുന്ന പാരിസ്ഥിതിക അവബോധമാണ് അനിവാര്യം. പാർലമെന്ററി അധികാരത്തിലേക്കുള്ള ഹരിത പ്രസ്ഥാനങ്ങളുടെ ഏതു യാത്രയും ഋഷിതുല്യമായ തീർത്ഥാടനങ്ങളാവണം.

ഭരണകൂടങ്ങളുടെ വൈവിധ്യങ്ങളെ ഇല്ലാതെയാക്കുന്ന, അവയെ ഏകസ്വരൂപമാക്കുന്ന ഒരു രാഷ്ട്രീയ പ്രക്രിയയിലൂടെ നാം കടന്നുപോവുകയാണ്. നവസാമ്രാജ്യത്വം ജനാധിപത്യത്തിന്റെ, വികസനത്തിന്റെ, ഘടനാ പരിഷ്കരണത്തിന്റെ, മനുഷ്യാവകാശത്തിന്റെ, പരിസ്ഥിതിയുടെ പേരു പറഞ്ഞ് ഭരണകൂടങ്ങളിലെ വൈവിധ്യങ്ങളെ ഇല്ലാതെയാക്കുന്നു. ഭരണകൂടം കൃത്യമായ പദാവലികളിലൂടെ നിർവചിക്കപ്പെടുന്നു. അവയുടെ മുഖ്യ അജണ്ട വികസനം മാത്രമാണെന്ന് ചുരുക്കിയെഴുതപ്പെടുന്നു. സാമൂഹിക നീതിയുടെ സ്ഥാപനം ഇന്ന് ഭരണകൂടത്തിനില്ല. ക്ഷേമരാഷ്ട്രങ്ങളല്ല ക്ഷണിക രാഷ്ട്രങ്ങളാണ് നമ്മുടെ മുമ്പിലുള്ളത്. അവ കൊഴിഞ്ഞുവീഴുകയാണ്. രാഷ്ട്രങ്ങളുടെ കൊഴിയൽ എന്നതിനർത്ഥം അവയുടെ അധികാരമണ്ഡലം ചുരുക്കപ്പെടുക എന്നതാണ്. ഭരണകൂടങ്ങൾക്കുപോലും അവകാശങ്ങൾ മാത്രമുള്ള ഒരു പ്രത്യേക രാഷ്ട്രീയ പരിതസ്ഥിതി സംജാതമായിരിക്കുന്നു. സൈനിക ശക്തിയും സാമൂഹിക ശക്തിയും തമ്മിലുള്ള അന്തരം വർദ്ധിച്ചുവരുന്നു. കരുത്തുറ്റ ഒരു സൈനിക വ്യൂഹത്താൽ വളയപ്പെട്ട തുരുത്തുകളായി ജനതമാറുന്നു. അരക്ഷിതമായ ജീവിതാവസ്ഥയും സുരക്ഷിതമായ കമ്പോളവുമാണ് നമുക്ക് മുന്നിലുള്ളത്. ഭരണകൂടമാവട്ടെ വികസനം സമം കമ്പോളം എന്ന യുക്തിക്കുള്ളിൽ പ്രവർത്തിക്കുന്ന ഒന്നായി തീർന്നിരിക്കുന്നു. വികസനം എന്നത് കമ്പോളത്തിന്റെ വ്യാപനമായി, ഇൻഡസ്ട്രിയൽ പാർക്കുകളുടെ രംഗപ്രവേശനമായി ചുരുക്കിയെഴുതുന്നു. കമ്പോളത്തെ സംരക്ഷിക്കുന്ന ഒരു സ്ഥാപനമായി ഭരണകൂടം മാറിക്കഴിഞ്ഞിരിക്കുന്ന ഒരു പശ്ചാത്തലത്തിൽ അതേ ഭരണകൂടത്തിൽ ഇടം കണ്ടെത്തുന്ന മൂന്നാം ചേരി മാത്രമാണോ പാരിസ്ഥിതിക-ജനകീയ പ്രസ്ഥാനങ്ങൾ?

പരിസ്ഥിതി പ്രസ്ഥാനങ്ങളുടേത് ഒരു മൂന്നാം മുന്നണി രാഷ്ട്രീയമാണെന്ന് പറയുമ്പോഴും അത് ഭിന്നമായ നിരവധി ഐക്യനിരകളുടെ സംഘമാണ്. മൂന്നാം മുന്നണിക്ക് ഭരണകൂട അധികാരത്തെ ഉന്നം വെക്കുന്ന മൂന്നാമത്തെ സംഘം എന്ന അർത്ഥം ഇക്കാര്യത്തിൽ കൊടുക്കേണ്ടതില്ല. നമ്മുടെ ലക്ഷ്യങ്ങളെ പിന്തുണക്കുകയും സാധൂകരിക്കുകയും ചെയ്യുന്ന രാഷ്ട്രീയ പ്രസ്ഥാനങ്ങൾ അധികാരത്തിലേറട്ടെ. ആഗോള സ്ഥാപനങ്ങളുടെ സാമന്തന്മാരാൽ നയിക്കപ്പെടുന്ന ദേശഭരണക്കൂടത്തിൽ നമുക്ക് ഒരു തരത്തിലുള്ള ഇടവും ആവശ്യമില്ല. നമുക്ക് അഭികാമ്യമായ വഴി പാർലമെന്ററി രാഷ്ട്രീയത്തിൽ ഇടപെടാതെ വേറിട്ടു സഞ്ചരിക്കുക എന്നതുതന്നെയാണ്. പാർലമെന്ററി രാഷ്ട്രീയത്തിലുള്ള ഇടപെടലുകൾ നമ്മെ ദുർബ്ബലരാക്കുകയും വർഗ്ഗ താല്പര്യങ്ങളോട് സന്ധിചെയ്യുവാൻ പ്രേരിപ്പിക്കുകയും ചെയ്യും. വർഗ്ഗങ്ങളെയും ഭിന്ന സ്വത്വങ്ങളെയും സാമൂഹികവും ജൈവീകവുമായ നീതിയുടെ മണ്ഡലത്തിൽ ഏകോപിക്കുകയാണ് നമ്മുടെ ഇടപെടലുകളുടെ ഉന്നം. നമ്മുടെ രാഷ്ട്രീയ മുന്നേറ്റത്തിന്റെ പാദമുദ്രകൾ മുഖ്യധാരാ രാഷ്ട്രീയ പ്രസ്ഥാനങ്ങളുടെ അജണ്ടകളിൽ പ്രതിഫലിക്കട്ടെ. നാം മുന്നോട്ടുവച്ചിരിക്കുന്ന അജണ്ടകൾ അവർക്ക് കൈയ്യൊഴിയാൻ കഴിയാത്ത സാഹചര്യം സംജാതമാവട്ടെ. മുഖ്യധാരാ രാഷ്ട്രീയത്തിന് അഭിസംബോധന ചെയ്യാൻ കഴിയാത്ത സാഹചര്യം സംജാതമാവട്ടെ. മുഖ്യധാരാ രാഷ്ട്രീയത്തിന് അഭിസംബോധന ചെയ്യാൻ കഴിയാത്ത പ്രശ്നങ്ങളെയും മണ്ഡലങ്ങളെയുമാണ് നാം എക്കാലവും പ്രതിനിധീകരിക്കുക. അത്തരം മണ്ഡലങ്ങളെ അഴിമതിക്കാരായ, മുതലാളിത്ത വ്യവസ്ഥയുടെ ദല്ലാളുകളായ രാഷ്ട്രീയ വാണിഭക്കാരുടെ വോട്ട് ബാങ്കുകളാക്കി മാറ്റാൻ നമുക്കാവില്ല. ജനകീയ പ്രസ്ഥാനങ്ങളുടെ വഴിത്താര ആഗോള വ്യാപകമായി സുതാര്യമായിക്കഴിഞ്ഞിരിക്കുന്നു. സാമന്ത ഭരണകൂടങ്ങൾക്കെതിരെ അധികാരനിസ്വരുടെ ശക്തിയെ സ്വരുക്കൂട്ടുന്നതിനുള്ള പ്രാദേശികവും ദേശീയവും അന്തർദ്ദേശീയവുമായ രാഷ്ട്രീയ മുന്നേറ്റമാണ് നമ്മുടേത്.

പ്ലാച്ചിമടയിലെ ജനകീയ സമരത്തിന്റെ നാലാം വാർഷികത്തിൽ നാം പുനരർപ്പണം ചെയ്യേണ്ട രാഷ്ട്രീയ നിലപാട് ഇതൊന്നു മാത്രമാണ്:-

**നമ്മുടേത് ഒരു രാഷ്ട്രീയ മുന്നണിയാണ്. അത് സാമൂഹികവും ജൈവീകവുമായ നീതിക്കുവേണ്ടി നിലകൊള്ളുന്നു. ഭരണകൂടങ്ങൾ ജനങ്ങളിൽനിന്നും അവിശ്വസനീയമാംവണ്ണം അന്യമായിരിക്കുന്നു. ജനങ്ങളുടേതായ ഭരണകൂടങ്ങൾ കെട്ടിപ്പടുക്കുവാൻ ഞങ്ങൾ പ്രതിജ്ഞാബദ്ധരാണ്. അത്തരം പോരാട്ടത്തിന്റെ വേദിയെന്നനിലയിൽ നേതൃത്വങ്ങളുടെ വർണാധിക്യമല്ലാത്ത, വിഗ്രഹങ്ങളില്ലാത്ത, വർഗ്ഗങ്ങൾക്കതീതമായ, മണ്ണിന്റെയും മനുഷ്യന്റെയും വേദനകളുറഞ്ഞുകിടക്കുന്ന പ്ലാച്ചിമടയുടെ മണ്ണിൽ ഞങ്ങൾ സ്വയം സമർപ്പിക്കുന്നു.**

*കൊച്ചടിശ്ശേരിൽ, കരിക്കാട്ടൂർ പി.ഒ., കോട്ടയം*